കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)1763/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN 680 020, Ph. No. 0487 2331249
e-mail: dotsr.ksad@kerala.gov.in
തിയതി:17/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ടി.എസ്.ആർ.(പി7)1763/2019 തി.17/12/19

# തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09.03.2019 മുതൽ 30.09.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2018-19 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 30.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ലിസി ടി.ജെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ശിവദാസൻ. എ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിദ്യ ഒ.കെ., ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സരളാ വിക്രമൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | സജീവ്കുമാർ കെ.ബി | 01.04.2018 മുതൽ 11.03.2019 വരെ |
| | | |

| | | |
|---|---|---|
| | ശാലിനി എം, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 12.03.2019 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശാലിനി എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | നീലൂഫർ എം.ബാനു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ., പുല്ലൂർ സർക്കിൾ | മനേഷ് സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ., മുരിയാട് സർക്കിൾ | ദീപ കെ.വി. | 01.04.2018 മുതൽ 31.07.2018 വരെ |
| | അൽജോ സി.ചെറിയാൻ | 01.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി (അസി. സർജൻ) | ഡോ.പ്രഭ കെ. നമ്പൂതിരി | 01.04.2018 മുതൽ 27.06.2018 വരെ |
| | ഡോ. അഷിത എൻ. ബേബി | 28.06.2018 മുതൽ 01.03.2019 വരെ |
| | ഡോ.ദീപ പി.ഡി. | 02.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.രേഖ. എ. | 01.04.2018 മുതൽ 07.07.2018 വരെ |
| | ഡോ.ഷീജ.സിയു. | 08.07.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വെറ്റനറി സർജൻ | ഡോ.പ്രദീപ് സി.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. | ശ്രീകല ടി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷീബ എൻ. നാലപ്പാട്ട് | 01.04.2018 മുതൽ 24.07.2018 വരെ |
| | സിനി. എൻ.കെ. | 25.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില ടി. തെയ്യശ്ശഞ്ചേരി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | രാധിക കെ. വി. | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| | | |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | നികുതി ഇളവ് ചെയ്തുകൊടുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചില്ല | 1-12 |
| 13 | രശീതി പരിശോധന -അപാകതകൾ | 1-13 |
| 14 | പൊളിച്ചുകളഞ്ഞിട്ടുള്ള കെട്ടിടങ്ങൾ - നടപടിക്രമം വിശദീകരിക്കേണ്ടതാണ് | 1-14 |
| 15 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ -അപാകത | 1-15 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-16 |
| 17 | FTEAOS- ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-17 |
| 18 | ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല | 1-18 |
| 19 | സ്വകാര്യ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-19 |
| 20 | ഭവന പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല | 1-20 |
| 21 | വാട്ടർ അതോറിറ്റി നിർവഹണം ഏറ്റെടുത്ത പ്രവൃത്തികൾ – വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | പശു വളർത്തൽ പദ്ധതി – പണം തെറ്റായി ട്രാൻസ്ഫർ ചെയ്തു | 1-22 |
| 23 | തുണി സഞ്ചി വിതരണം – സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ച് പദ്ധതി ചെലവുകൾ – ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | പൂകൃഷി വ്യാപനം- (വനിത)- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-24 |
| 25 | വെർട്ടിക്കൽ പമ്പ്സെറ്റ് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-400000 രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 28 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-28 |
| 29 | ആശ്രയ അക്കൗണ്ടിൽ ബാക്കി | 1-29 |

| | | |
|---|---|---|
| | നിൽക്കുന്ന പ്ലാൻ വിഹിതം ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | |
| 30 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചില്ല | 1-30 |
| 31 | പ്രവർത്തനരഹിതമായ കപ്പാറ കുടിവെള്ളപദ്ധതി | 1-31 |
| 32 | പാട്ടത്തിന് കൊടുത്ത സ്ഥലം തിരികെ ലഭിച്ചില്ല | 1-32 |
| 33 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ് | 1-33 |
| | ഭാഗം -2 | |
| 34 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | 2-1 |
| | ഭാഗം-3 | |
| 35 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | 3-1 |
| | ഭാഗം 4- | |
| 36 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-2 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപം | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

| | | |
|---|---|---|
| | | -1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

ബജറ്റ് 24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 305872444.10/- രൂപയും ചെലവ് 299620370/- രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 285742290.10/- രൂപയും ചെലവ് 278201217/- രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23097489 |
| വരവ് | 76680838 |
| ആകെ | 99778327 |
| ചെലവ് | 74198469 |
| നീക്കിയിരിപ്പ് | 25579858 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17338000 | 17338000 | 14776964 | 2561036 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12633000 | 12633000 | 9589520 | 3043480 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 133000 | 133000 | 9000 | 124000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10248000 | 10248000 | 9767136 | 480864 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3530000 | 3530000 | 3524173 | 5827 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10039493 | 10039493 | 5925273 | 4114220 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 38241 | 501183 | 539424 | 493750 | 45674 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | TSC-320200322 | 0 | 401937 | 401937 | 0 | 401937 |
| | TSC-320300103 | 447630 | 1270000 | 1717630 | 353400 | 1364230 |
| | ICDS | 837125 | 305250 | 1142375 | 500000 | 642375 |
| | Saksharatha | 1721 | 0 | 1721 | 0 | 1721 |
| | Swabhiman | 291002 | 23898 | 314900 | 0 | 314900 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | Vimukthi | 22630 | 25000 | 47630 | 0 | 47630 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5228 | 3566877 | 3572105 | 2795757 | 776348 |
| | ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 95681799 | 117 | 57194675 | 65 | 14 | 59.77 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38241 | 501183 | 539424 | 493750 | 45674 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11706900 | 11706900 | 11706900 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98040 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 6561800 | 1552 |
| വിധവാപെൻഷൻ | 16373200 | 3994 |
| വാർദ്ധക്യകാലപെൻഷൻ | 24055900 | 5620 |
| വികലാംഗപെൻഷൻ | 4329100 | 1001 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1397200 | 342 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019 തീയതിയിൽ 2.30 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10306/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

- ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല
- സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- ഡ്യൂട്ടി കൈമാറ്റം ചെയ്യുമ്പോൾ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ ക്യാഷ് രശീതി നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ആഭ്യന്തരനിയന്ത്രണം കുറ്റമറ്റതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/09/2019, 20/09/2019 | 01/04/2019 – 30/06/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/07/2015 | 2010-11 മുതൽ 2014-15 വരെ | 10/09/2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ

സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3021602 | 2952660 | 77146 | 14425 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3021602 | 2952660 | 0 | *14438 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (15160/105X100)= 14438 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1956776 | 1911631 | 22902 | 25035 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1956776 | 1893475 | 18156 | *25037 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(26289/105X 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

350410101-Advance collection-PT on Res bldg ലെഡ്ജറിൽ നിന്നും Prior period income Property Tax on Res-Bldgs ലേക്ക് 2389 രൂപ ക്രമീകരിച്ചിട്ടുണ്ട്, ആയത് അംഗീകരിക്കുന്നില്ല. (വൗച്ചർ നം.41800376).

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10100 | 76404 | 30806 |
| വാർഷിക കണക്കിലെ | *127950 | 76404 | **30850 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & | **(ബാലൻസ്ഷീറ്റ് |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | ഷെഡ്യൂൾ ബി-15) (128102+6245=134347/105*100) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ഷെഡ്യൂൾ ബി-15) (32393/105X100)=30850 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂറിൽ നിന്നും അരിയറിലേക്ക് ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 144864 | 49283 | | 96260 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 142810 | 46893 | 2390 | 96267 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (149950+0=149950/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | ** (101080/105X100)= 96267 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

350410101-Advance collection-PT on Res bldg ലെഡ്ജർ പ്രകാരം 2390 രൂപ Non-res arrear ലേക്ക് ക്രമീകരിച്ചിരിക്കുന്നു(വൗച്ചർ നം.41800375). അഡ്വാൻസിൽ നിന്ന് അരിയറിലേക്ക് ക്രമീകരിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല.

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 153879 | 5481 | 159360 | 149835 | 3867 | 153702 | 4161 | | 735 | 1587 | 2107 |
| | നോൺ-റെസിഡൻഷ്യൽ | 99156 | 7375 | 106561 | 95914 | 2487 | 98401 | 1179 | | 1254 | 4820 | 6067 |
| | ആകെ | | | 265921 | | | 252103 | 5340 | | | | 8174 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 284425 | | | 252103 | 1202 | 253962 | | | 8396 |
| | | 30524+253901=284425 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies..... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ

കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിൽ 210 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 30.11.2018 ൽ ഒരൊറ്റ എൻട്രി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101- Advance collection of revenues - Property tax on Residential building | 39067 | 18156 രൂപ pro. Tax Non residential headലേക്ക് ക്രമീകരിച്ചു. 2390- Non Residential arrearലേക്ക് ക്രമീകരിച്ചു. 2389 രൂപ എഴുതി തള്ളി. (ഖ.2.7.1കാണുക) |
| 2 | 350410101- Advance collection of revenues - Property tax | 4353 | തൻവർഷ കളക്ഷനിലേക്ക് മുൻകൂറിൽ നിന്നും തുകയൊന്നും ക്രമീകരിച്ചിട്ടില്ല. Prior |

| | | | |
|---|---|---|---|
| | on Non-Residential building | | period ഹെഡിലേക്ക് 2388/- ക്രമീകരിച്ചിരിക്കുന്നു. (ഖ.2.7.2 കാണുക) |

2.7.1 റെസിഡൻഷ്യൽ

| ഹെഡ്ഡ് | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 431100103 | 41800375 | 31-3-2019 | 18156 |
| 431100104 | 41800375 | 31-3-2019 | 2390 |
| 280100101 | 41800376 | 31-3-2019 | 2389 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ഹെഡ്ഡ് | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 280100104 | 41800377 | 31-3-2019 | 2388 |

3. 2018-19-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട് )

| ക്രമ നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101- Rent from Building | 650000 | 30-11-2018 | 41800137 |
| | | | 179112 | 31-3-2019 | 41800399 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6 ലൈബ്രറി രജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ(എഴുതി സൂക്ഷിക്കുന്നില്ല.)

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും , തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income - Property tax on residential buildings | (252012) |
| 280100104-Prior period income-Property tax on non residential buildings | (5118) |

7.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2482369രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8715239രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10.തൊഴിൽ നികുതി ജീവനക്കാർ, ട്രേഡേഴ്സ് ഡി.സി.ബി രജിസ്റ്റർ അപൂർണ്ണമാണ്. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

11. 31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

12. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 89501 | 11-9-2015 | 1000 |
| 89712 | 7-7-2015 | 1700 |
| 94287 | 10-6-2015 | 1917 |
| 086706 | 19-5-2017 | 1500 |

# 1-12 നികുതി ഇളവ് ചെയ്തുകൊടുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചില്ല

വേക്കൻസി റെമിഷൻ രജിസ്റ്റർ, സഞ്ചയ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. താഴെച്ചേർക്കുന്ന കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ നികുതി ഇളവ് ചെയ്തതായി കാണുന്നു. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഇളവുനൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല.

| കെട്ടിട നം | പേര് | കെട്ടിടത്തിന്റെ തരം | നികുതി ഇളവ് നൽകിയ കാലയളവ് | കുറവ് ചെയ്ത നികുതി |
|---|---|---|---|---|
| 3/356 | സുധാകരൻ മഠത്തിവളപ്പിൽ | വാണിജ്യം | 04/18 മുതൽ 03/19 വരെ | 178+178 |
| 14/126 | രാമൻ പ്രേമചന്ദ്രൻ | പാർപ്പിടം | 04/18 മുതൽ 03/19 വരെ | 105+105 |

2. 2018-19 വർഷത്തിൽ 17 കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ്ചെയ്തുകൊടുത്തിട്ടുണ്ട്. ടി അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് നിയമം സെക്ഷൻ 162 A പ്രകാരം ധനകാര്യം, നികുതി എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയായതിനാൽ ഇവ സംബന്ധിച്ചുള്ള അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുകയും ആയവ പരിശോധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

# 1-13 രശീതി പരിശോധന -അപാകതകൾ

2018-19 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ രശീതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1. ഒരേ സമയം ഒന്നിലധികം രശീതിപുസ്തകങ്ങൾ ഉപയോഗിച്ചു.

ഉദാ:

| രശീതി ഉപയോഗിച്ച തീയതി | രശീതി ബുക്ക് നം/ രശീതി ക്രമ നം. | രശീതി പുസ്തകം വിതരണം ചെയ്ത തീയതി | ക്ലാർക്കിന്റെ പേര് |
|---|---|---|---|
| 20.03.2019 | 35368/ 1 മുതൽ 12 വരെ | 19.03.2019 | ശ്രീ.സജീവ് |
| 21.03.2019 | 35364/ 61 മുതൽ 100 വരെ | 08.11.2018 | ശ്രീ.സജീവ് |
| 22.03.2019 | 35371/ 1 മുതൽ 24 വരെ | 21.03.2019 | ശ്രീ.സജീവ് |
| 23.03.2019 | 35368/ 13 മുതൽ 15 വരെ | 19.03.2019 | ശ്രീ.സജീവ് |
| 20.03.2019 | 35368/ 1 മുതൽ 12 വരെ | 19.03.2019 | ശ്രീ.സജീവ് |
| 25.03.2019, 26.03.2019 | 35371/ 25 മുതൽ 72 വരെ | 21.03.2019 | ശ്രീ.സജീവ് |
| 26.03.2019, 27.03.2019 | 35368/ 16 മുതൽ 34 വരെ | 19.03.2019 | ശ്രീ.സജീവ് |
| 26.03.2019, 28.03.2019 | 35371/ 73 മുതൽ 100 വരെ | 21.03.2019 | ശ്രീ.സജീവ് |
| 28.03.2019, 29.03.2019, 30.03.2019 | 35368/ 35 | 19.03.2019 | ശ്രീ.സജീവ് |

| | | | |
|---|---|---|---|
| | മുതൽ 76 വരെ | | |
| 25.03.2019 | 35362/ 81 മുതൽ 94വരെ | 02.11.2018 | ശ്രീ.സജൻ |
| 27.03.2019 | 35372/ 1 മുതൽ 14വരെ | 24.03.2019 | ശ്രീ.സജൻ |
| 28.03.2019 | 35362/ 95 മുതൽ 100 വരെ | 02.11.2018 | ശ്രീ.സജൻ |

(ഓഡിറ്റ് എൻക്വയറി 8/25.10.2019)

2018-19 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ഒരേ സമയം ഒന്നിലധികം ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നെന്നും പ്രസ്തുത വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരിൽ തന്നെയാണ് രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് 2011 ചട്ടങ്ങൾ പ്രകാരം (G.O.(MS) 83/2011/lsgd dt. 28.03.2011) ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രശീതുബുക്ക് പൂർണ്ണമായും ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ തിരിച്ചേൽപിക്കുകയും ചെയ്യാതെ പുതിയ രശീതി ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പുതിയ രശീതുബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രശീതുബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2. 2018-19 സാമ്പത്തികവർഷത്തിൽ വിതരണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന രശീതിബുക്കുകളുടെ ഉപയോഗിക്കാത്ത രശീതികൾ റദ്ദുചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പറുകൾ |
|---|---|
| 35368 | 77 മുതൽ 100 വരെ |
| 32653 | 38 മുതൽ 100 വരെ |
| 35370 | 81 മുതൽ 100 വരെ |
| 35365 | 36 മുതൽ 100 വരെ |
| 35373 | 37 മുതൽ 100 വരെ |
| 35367 | 42 മുതൽ 100 വരെ |

കൂടാതെ ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററിലും റദ്ദുചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അതത് ദിവസത്തെ ഔട്ട് ഡോർ കളക്ഷൻ തുക രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആധികാരികമാക്കുന്നില്ല.

4. ഫ്രണ്ട് ഓഫീസിലെ ചുമതലകൾ നിർവ്വഹിക്കാനായിട്ടുള്ള ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ എല്ലാ ദിവസങ്ങളിലും പ്രവർത്തനചുമതല കൈമാറിയതായി കാണുന്നില്ല. ക്യാഷ് ബാലൻസ്, ഉപയോഗിക്കാത്ത ക്യാഷ് രശീതി, ചുമതല കൈമാറുന്ന ഉദ്യോഗസ്ഥന്റെയും ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെയും വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. മേൽ വിവരങ്ങൾ കൈമാറിയതായി ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ: 2.5.19, 3.5.19, 4.5.19, 6.5.19, 7.5.19, 9.5.19, 10.5.19 ,13.5.19 ,14.5.19 ,15.5.19 ,20.5.19 ,21.5.19

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ലൈബ്രറി രശീതി -പരിശോധന

ഗ്രാമപഞ്ചായത്ത്- വായനശാലയുടെ രശീതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഇരുവശവും പതിയുന്ന കാർബൺ ഉപയോഗിച്ചിട്ടില്ല.

2. രശീതികളുടെ ക്രമനമ്പർ മെഷീൻ നമ്പറിങ്ങല്ല.

3. രശീതിബുക്കിൽ പേജുകളുടെ എണ്ണത്തെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് എഴുതിയിട്ടില്ല

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-14 പൊളിച്ചുകളഞ്ഞിട്ടുള്ള കെട്ടിടങ്ങൾ - നടപടിക്രമം വിശദീകരിക്കേണ്ടതാണ്

പൊളിച്ചുകളഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 76 കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ ലിസ്റ്റ് പ്രകാരം 62 കെട്ടിടങ്ങൾ Demolished വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. ഏത് വർഷം മുതലാണ് ടി കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞിട്ടുള്ളതെന്നോ പൊളിച്ചുകളഞ്ഞിട്ടുള്ള അർദ്ധവർഷം വരെയുള്ള വസ്തുനികുതി അടവാക്കിയിട്ടുണ്ടെന്നോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായോ അംഗീകരിച്ചതായോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തലില്ല.

കേരള പഞ്ചായത്ത് നിയമം സെക്ഷൻ 162 A പ്രകാരം ധനകാര്യം, നികുതി എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയായതിനാൽ ഇവ സംബന്ധിച്ചുള്ള അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുകയും ആയവ പരിശോധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.മേൽ കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിന്റെ നടപടിക്രമങ്ങളും പൊളിച്ചുകളഞ്ഞിട്ടുള്ള അർദ്ധ വർഷാവസാനം വരെയുള്ള നികുതി അടവാക്കിയതിന്റ വിവരങ്ങളും അറിയ്ക്കേണ്ടതാണ്.

# 1-15 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ -അപാകത

നിയമാനുസൃതമല്ലാത്ത കെട്ടിട രജിസ്റ്റർ പ്രകാരമുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയ- Unauthorized റിപ്പോർട്ടിൽ ഉൾപ്പെട്ടുകാണുന്നില്ല

| കെട്ടിട നം. | ഉടമ | തറ വിസ്തീർണം |
|---|---|---|
| 17/9FUA | കിഷോർ,നിജി ആനന്ദപുരം | 83 ച.മീ. |
| 7/389A | മങ്ങാട്ടുഗോപാലൻ മുതൽ പേർ | 51.12 ച.മീ. |

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും കേ.പ.രാ. ആക്ട് - ചട്ടം 235 എഎ പ്രകാരം ചുമത്തേണ്ട വസ്തുനികുതി (നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ട വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും വരുന്ന തുകയും ചേർന്നുള്ള തുക) ഈടാക്കുകയും ചെയ്യേണ്ടതാണ്.

# 1-16 തൊഴിൽ നികുതി അപാകതകൾ

1. 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് 346 സ്ഥാപനങ്ങൾ ഫാക്ടറി-വ്യാപാര ലൈസൻസ് അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപന / വ്യാപാരി തൊഴിൽ നികുതി ഡിമാന്റ്/കളക്ഷൻ

രജിസ്റ്റർ പ്രകാരം 277 സ്ഥാപനങ്ങളിൽ നിന്നമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള 12 കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

# 1-17 ഫാക്ടറി-വ്യാപാര ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

1. കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ ലൈസൻസ് പുതുക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല

VII/576 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്ലൂ വാലി അക്വാ മിനറൽസ് (കുടിവെള്ള ഉല്പാദനം, പാക്കേജിംഗ്) എന്ന സ്ഥാപനത്തിന് 08.04.2019 തീയതിയിൽ ഫാക്ടറി-വ്യാപാര ലൈസൻസ് പുതുക്കി അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനം ലൈസൻസ് പുതുക്കുന്നതിന് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 29.01.2003 തീയതിയിലെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഒരു ദിവസം 30,000 ലിറ്റർ വെള്ളം ഉപഭോഗം ചെയ്യാനുള്ള അനുമതിയാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ഭൂജല വകുപ്പ് ഡയറക്ടറുടെ 07.12.2017 ലെ ടി(4)2555/2017 നമ്പർ കത്ത് പ്രകാരം ദിനംപ്രതി 5000 ലിറ്റർ വരെ ഉപഭോഗമുള്ള സ്ഥാപനങ്ങൾ ജില്ലാ അവലോകന കമ്മിറ്റിയിൽ നിന്നും 5000 ന് മുകളിൽ ഉപഭോഗമുള്ള സ്ഥാപനങ്ങൾ സംസ്ഥാന തല കമ്മിറ്റിയിൽ നിന്നും അനുമതി എടുക്കേണ്ടതാണ്. തുടക്കത്തിൽ 3 വർഷത്തേയ്ക്ക് മാത്രമാണ് നിരാക്ഷേപ പത്രം അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടുന്ന പക്ഷം 2 വർഷത്തേയ്ക്ക് കൂടി അനുമതി ലഭിക്കും. ടി സാഹചര്യത്തിൽ ഭൂഗർഭ ജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നിലവിൽ അനുവദിച്ചിട്ടുള്ള ലൈസൻസ് പുതുക്കി നല്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിച്ച ഉറപ്പാക്കിയ ശേഷമേ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് ലൈസൻസ് പുതുക്കി നൽകാൻ പാടുള്ളൂ. ബ്ലൂ വാലി അക്വാ മിനറൽസ് എന്ന സ്ഥാപനം ഇത്തരത്തിലുള്ള നിരാക്ഷേപ പത്രം ഹാജരാക്കാതെയാണ് സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നമ്പർ 17/28.10.2019 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയതിൽ ഭൂജല വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നുള്ള പരമാവധി വെള്ളം പമ്പ് ചെയ്യാവുന്ന അളവ് സൂചിപ്പിക്കുന്ന ടെസ്റ്റ് റിപ്പോർട്ടാണ് ഹാജരാക്കിയത്. സംസ്ഥാന തല അവലോകന കമ്മിറ്റിയിൽ നിന്നുള്ള അനുമതി കൂടി ലഭ്യമാക്കിയതിനു ശേഷമേ ലൈസൻസ് പുതുക്കി നൽകാവൂ.

2. സർക്കുലർ നം.66562/RC3/12/LSGD തീയതി 10.01.2013 പ്രകാരം ഫാക്ടറി-വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നടത്തുകയും ആയതിന്റെ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. സ്ഥല പരിശോധനയ്ക്കുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ സ്ഥലപരിശോധന നടത്തി അപേക്ഷാഫോറത്തിൽത്തന്നെ അതിനായുള്ള സ്ഥലത്തോ അല്ലെങ്കിൽ പ്രത്യേകമായോ അന്വേഷണ റിപ്പോർട്ട് നൽകുകയാണ് വേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ അത്തരത്തിൽ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. പകരം ബന്ധപ്പെട്ട വാർഡ് ക്ലർക്കുമാർ മാത്രമാണ് സ്ഥലപരിശോധന നടത്തിവരുന്നത്.

# 1-18 ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 2018-19 വർഷം ഇ-ടെന്റർ ഫീസിനത്തിൽ 58480 രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറിൽനിന്നും ലഭിക്കുവാനുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 സ്വകാര്യ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ -ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

1. ആത്മ ആയുർവേദ ക്ലിനിക്ക്
2. അന്ന ക്ലിനിക്കൽ ലബോറട്ടറി
3. സാൻജോ സദൻ

# 1-20 ഭവന പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല

വിവിധ പദ്ധതികളിലായി താഴെ ചേർക്കും പ്രകാരം ഭവന പദ്ധതികൾക്ക് ആദ്യഗഡു ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ കൃത്യമായി വിലയിരുത്തേണ്ടതും പദ്ധതികൾ ലക്ഷ്യം കാണുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1.പ്രോജക്ട് നമ്പർ. 28/2019

ആശ്രയ ഭവനം വാസയോഗ്യമാക്കൽ

എസ്.സി (അഗതി രഹിത കേരളം)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു സംഖ്യ |
|---|---|---|
| 1 | മണി ലക്ഷ്മണൻ | 50000 |
| 2 | വിലാസിനി വേലായുധൻ | 50000 |
| 3 | കുറ്റൻ പേങ്ങൻ | 50000 |

2.പ്രോജക്ട് നമ്പർ. 228/19

ഭവനം വാസയോഗ്യമാക്കൽ എസ്.സി.പി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു സംഖ്യ |
|---|---|---|
| 1 | കൊച്ചമ്മിണി | 50000 |
| 2 | ഓമന ബാലൻ | 50000 |
| 3 | കാർത്ത്യായനി | 50000 |
| 4 | ലളിത | 50000 |
| 5 | ഷീജ | 50000 |
| 6 | അമ്മിണി | 13500 |
| 7 | ശിവരാമൻ | 50000 |
| 8 | സ്വാതി.കെ.വി | 50000 |
| 9 | സരോജിനി | 50000 |
| 10 | രാധാമണി | 50000 |
| 11 | ഓമന അശോകൻ | 50000 |

3. പ്രോജക്ട്. 44/19

(scp)ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം

| ക്രമ നം. | പേര് | അഡ്വാൻസ് തുക |
|---|---|---|
| 1 | പ്രതിഭ .കെ.സി | 360000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 വാട്ടർ അതോറിറ്റി നിർവ്വഹണം ഏറ്റെടുത്ത പ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

തൻവർഷം വിവിധ പദ്ധതികൾക്ക് വേണ്ടി KWAയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പല പ്രോജക്ടുകളിലും എഗ്രിമെന്റ് കാലാവധി ചേർത്തു കാണുന്നില്ല. കാലാവധി ചേർക്കാൻ വിട്ടു പോയതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പൂർത്തിയായ പദ്ധതികളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പൂർത്തിയാക്കാത്തവയുടെ കാര്യത്തിൽ പൂർത്തിയാക്കുന്ന മുറയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ആകെ 19,56,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | എഗ്രിമെന്റ് തിയ്യതി | പണി തുടങ്ങുന്ന തിയ്യതി | അവസാന തിയ്യതി | ഡെപ്പോസിറ്റ് തുക. ബിൽ നമ്പർ,തിയ്യതി. |
|---|---|---|---|---|---|
| 1 | മുടിഞ്ഞിൻ കുളം കുടിവെള്ള പദ്ധതി വാർഡ്-4(17/19) | 28/03/2019 | 12/2009 | 07/2019 | 500000 ബിൽ നമ്പർ.37 തിയ്യതി.20/03/19 |
| 2 | തളിയൻ കുന്ന് കുടിവെള്ള പദ്ധതി (25/19) | തിയ്യതി ഇല്ല | ഇല്ല | ഇല്ല | 500000 ബിൽ നമ്പർ.16 തി.31/10/18 |
| 3 | കുഞ്ഞുമാണിക്യൻ മൂല കുടിവെള്ള പദ്ധതി | തിയ്യതി ഇല്ല | ഇല്ല | ഇല്ല | 250000 ബിൽ നം. 15.തീ.31/10/2018 |
| 4 | നാല്യ സെന്റ് കോളനിയിലെ കുടിവെള്ള പദ്ധതി | 28/03/19 | 12/2019 | 07/2020 | 450000 ബിൽ നം.30. തീ.20/03/19 |
| 5 | കപ്പേള പാലക്കുഴി റോഡിൽ മണിയൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ(221/19) | 28/03/2019 | 01/10/2019 | 10/12/2019 | 56000 ബിൽ നം.29 തീ.20/03/19 |

| | | | | | |
|---|---|---|---|---|---|
| 6 | അംഗൻ വാടി കുടിവെള്ള പദ്ധതി(36/19) | 28/03/2019 | 08/2019 | 02/2020 | ബിൽ നമ്പർ.31/20/03/19-150000<br>ബിൽ നമ്പർ 32/20-03-2019 -50000 |
| 7 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 15/01/2019 | NIL | NIL | Bill No.18230252021801281372 (201750) 15/1/2019 |
| 8 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 1,2,3,5,9,13,15,16 | | NIL | NIL | Bill No.18230252021800 833284 dt.29.11.2018 തുക-80381/- |

# 1-22 പശു വളർത്തൽ പദ്ധതി-പണം തെറ്റായി ട്രാൻസ്ഫർ ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി ഡോക്ടർ, പ്രോജക്ട് നമ്പർ – 98/19
ബിൽ നമ്പർ. GP 12/18-19 തിയ്യതി. 11/03/2019 തുക 25000 (പദ്ധതി വിഹിതം)

ബിൽ നമ്പർ. 2357296 തിയ്യതി. 06/03/2019 തുക 25000 (തനത് ഫണ്ട്)

ഓഡിറ്റ് വർഷത്തിൽ പശു വളർത്തൽ (വനിത) എന്ന പ്രോജക്ടിൽ ഒരു ഗുണഭോക്താവ് പശുവിനെ വാങ്ങിയാൽ 25000 രൂപ പദ്ധതി വിഹിതവും 25000 രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് ആകെ 50000 രൂപയാണ് പശുവിനെ വിറ്റ ആളുടെ അക്കൗണ്ടിലേക്ക് നൽകുന്നത്. ശ്രീമതി ലിസി ആന്റണി എന്ന ഗുണഭോക്താവ് പശുവിനെ വാങ്ങിയ വകയിൽ ശ്രീ.ജോസ്.കെ.ജെ, കൂനൻ വീട്, കൊടകര.പി.ഒ എന്നയാളുടെ SBI കൊടകര ബ്രാഞ്ചിലുള്ള 20203098778 നമ്പർ അക്കൗണ്ടിലേക്ക് 50000 രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഇതേ പ്രോജക്ടിൽ തന്നെ ശ്രീമതി ഷെറി ജോയ് എന്ന ഗുണഭോക്താവ് ശ്രീ.ജോസ്.കെ.വി , കല്ലറയ്ക്കൽ വീട്, മതിലകം.പി.ഒ, പുതിയകാവ് എന്നയാളിൽ നിന്നും പശുവിനെ വാങ്ങിയതായാണ് ഫയലിൽ ചേർത്ത രേഖകളിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ ഫയലിൽ ചേർത്തിട്ടുള്ള ശ്രീ.ജോസ്.കെ.വി യുടെ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ മതിലകം ബ്രാഞ്ചിലുള്ള 0049053000027268 നമ്പർ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിനു പകരം ഇതിലും ശ്രീ.കെ.ജെ.ജോസിന്റെ മേൽക്കാണിച്ച അക്കൗണ്ടിലേക്കാണ് പദ്ധതി വിഹിതമായ 25000 രൂപ കൈമാറിയിട്ടുള്ളത്. പിന്നീട് ഇത് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സംഖ്യ 25000 രൂപ ശ്രീ .കെ.ജെ ജോസിൽ നിന്ന് വാങ്ങി ശ്രീ.കെ.വി. ജോസിന് നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ശ്രീ.കെ.വി. ജോസിന്റെ കൈപ്പറ്റ് രസീതിയും ഹാജരാക്കിയിട്ടുണ്ട്.തെറ്റായി പിൻവലിച്ച തുക ചലാൻ വഴി പ്രസ്തുത ശീർഷകത്തിലേക്ക് തിരിച്ചടച്ച് വീണ്ടും ബിൽ പ്രകാര നൽകുകയായിരുന്നു വേണ്ടത്. അത് ചെയ്തതായി കാണുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി എടുക്കേണ്ടതാണ്.

# 1-23 തുണി സഞ്ചി വിതരണം - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി ചെലവുകൾ - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ.163/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

(ബിൽ നമ്പർ 1/18-19 തിയ്യതി. 28/05/2018.)

ഓഡിറ്റ് വർഷത്തിൽ തുണി സഞ്ചി വിതരണം എന്ന പ്രോജക്ടിലുൾപ്പെടുത്തി 9200 എണ്ണം തുണി സഞ്ചികൾ പൊതുജനങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ആകെ 309120 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ുണി സഞ്ചി വിതരണം എന്ന പ്രോജക്ട് നടപ്പിലാക്കാൻ 14/02/2018 ലെ സർക്കാർ ഉത്തരവ് നമ്പർ 22/2018 / തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടില്ല. എന്നിട്ടും ഇത്തരമൊരു പ്രോജക്ട് നടപ്പിലാക്കിയത് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങാതെയാണ്.സബ്ഡിഡി മാർഗ്ഗരേഖ ലംഘിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ 309120 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-24 പൂകൃഷി വ്യാപനം-(വനിത)-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നമ്പർ- S0068/19

തുക- 63640 രൂപ
ട്രഷറി ബിൽ നമ്പർ 6/21.12.18

നിർവഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 19 വനിതകൾക്ക് പൂകൃഷി നടത്തുന്നതിനായി 63640 രൂപ നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/18/തസ്വഭവ/തീ.14.2.18 പ്രകാരം സ്ഥലത്തിനും ചുവടിനും ആനുപാതികമായി തുക നൽകാമെന്നാണ്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ കൃഷി ചെയ്ത സ്ഥലം, ചുവട് എന്നിവയ്ക്ക് ആനുപാതികമായി സബ്സിഡി തുക കണക്കാക്കി കൃഷി ഓഫീസർ അപേക്ഷയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ സബ്സിഡി തുക രണ്ടു ഘട്ടമായി നൽകേണ്ടതെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ അതിനു വിരുദ്ധമായി ഒറ്റ തവണയായി മുഴുവൻ തുകയും നൽകിയിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഓഫീസർ മറുപടി നൽകിയിരിക്കുന്നത് പൂകൃഷി ചെയ്ത കർഷകരുടെ കൃഷി ചെയ്ത സ്ഥലം, ചുവട് എന്നിവയ്ക്ക് ആനുപാതികമായി സബ്സിഡി തുക കണക്കാക്കി എഴുതാത്തത് കൃഷിഭവനുമായി ബന്ധപ്പെട്ട തിരക്കുമൂലമാണെന്നും ചെണ്ടുമല്ലികൃഷിയാണ് നടപ്പാക്കിയതെന്നും ആയതിന്റെ വിളവെടുപ്പ് നാലുമാസമാണെന്നും, വിളവെടുപ്പിന് ശേഷമാണ് തുക കൈമാറാൻ സാധിച്ചിട്ടുള്ളതെന്നുമാണ്. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖ പ്രകാരമല്ല പദ്ധതി നടപ്പാക്കിയതെന്നു കാണുന്നു. ആയതിനാൽ 63640 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-25 വെർട്ടിക്കൽ പമ്പ്സെറ്റ് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-400000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ- S0077/19

തുക- 400000/- രൂപ

ട്രഷറി ബിൽ നമ്പർ-5/27.12.18

നിർവഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

വെർട്ടിക്കൽ പമ്പ്സെറ്റ് കൈമാറൽ എന്ന പ്രോജക്ട് പ്രകാരം 400000/- രൂപ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 400000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 1-26 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ

## വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ട്/ പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ/ തുക | നല്കിയത് |
|---|---|---|---|
| 1 | കുന്നത്തറ കുടിവെള്ള പദ്ധതി S00 32/19 | 5/26.11.18 500000 | ഭൂജലവകുപ്പ് |
| 2 | പൊതുമ്പുചിറപ്പാടം കുടിവെള്ള പദ്ധതി S00227/19 | 7/10.1.19 382697 | ഭൂജലവകുപ്പ് |
| 3 | " | 67303/- (തനതു ഫണ്ട്) വൗച്ചർ നം.21800993/21.01.19 | " |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 950000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ-S00120/19

തുക- 45000/- രൂപ

ട്രഷറി ബിൽ നമ്പർ-12/27.3.19

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷന് 45000 രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പഞ്ചായത്ത് പരിധിയിലുള്ള 25 അങ്കണവാടികളുടെ ഭൗതിക സാഹചര്യം താഴെ പ്പറയുന്നു.

| | |
|---|---|
| സ്വന്തം കെട്ടിടം ഉള്ളവ | 21 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| ചുറ്റുമതിൽ ഉള്ളവ | 13 |
| കുടിവെള്ള സൗകര്യം സ്വന്തമായി ഉള്ളവ | 13 |
| ടോയ്‌ലെറ്റ് സൗകര്യമുള്ളവ | 23 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 24 |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 25 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതിലേയ്ക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 ആശ്രയ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന പ്ലാൻ വിഹിതം ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ആശ്രയ ഫണ്ടിലേക്ക് മുൻ വർഷങ്ങളിൽ വകയിരുത്തിയ ഭവനനിർമ്മാണ പ്ലാൻ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 127404 രൂപ ചെലവഴിക്കാനായി ഓഡിറ്റ് വർഷത്തിൽ ബാക്കിയുണ്ട് എന്നു കാണുന്നു. ഈ തുക കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള 4762 നമ്പർ അക്കൗണ്ടിൽ (IOB മുരിയാട്) ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-30 പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെപ്പറയും വിധം തുക അക്രഡിറ്റഡ് ഏജൻസിക്ക് (സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ) അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | പ്രോജക്ട് നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|---|
| UMLPSമുരിയാട്-ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 236/19 | 5679210/29-3-19 | 44000 |
| AUPSമുരിയാട്-എയറോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | 240/19 | 499574/7-3-19 | 41600 |
| SNVUPSപുല്ലൂർ-എയറോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | 238/19 | 499574/7-3-19 | 41600 |
| ശ്രീകൃഷ്ണഹൈസ്കൂളിൽ എയറോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | 239/19 | 499574/7-3-19 | 41600 |
| GUPS-ആനന്ദപുരം-എയറോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | 235/19 | 499574/7-3-19 | 41600 |
| ആകെ | | | 2,10,400 |

# 1-31 പ്രവർത്തനരഹിതമായ കപ്പാറ കുടിവെള്ളപദ്ധതി

കേരള ജല അതോറിറ്റി നിർവ്വഹണം ഏറ്റെടുത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം 17,00,000 രൂപ വകയിരുത്തി മോട്ടോർ പമ്പ് ഹൗസ് പുനരുദ്ധാരണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ഫിൽട്ടറേഷൻ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നമ്പർ 9/2018-19 തീയതി 8-6-18 ക്രമനം (7) നിബന്ധനയനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ്

റിപ്പോർട്ടും പഞ്ചായത്തിന് കൈമാറേണ്ടതാണ്. ആയത് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ജലഅതോറിറ്റിയുടെ 5/2019 മാസത്തെ പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം 14,73,044 രൂപ വിനിയോഗിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തെ ജലപ്രളയത്തിൽ മോട്ടോർ, പമ്പ് സെറ്റ് എന്നിവക്ക് നാശനഷ്ടം സംഭവിച്ചതിനാൽ 5,6,7,16 വാർഡുകളിലെ എഴുന്നൂറോളം ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കുന്നില്ലെന്നും മോട്ടോർ റിപ്പയർ ചെയ്യണമെന്നും ആവശ്യപ്പെട്ട് കുടിവെള്ളപദ്ധതിയുടെ സെക്രട്ടറി പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അധികനാളുകൾ പിന്നിടാത്ത സാഹചര്യത്തിൽ ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പാട്ടത്തിന് കൊടുത്ത സ്ഥലം തിരികെ ലഭിച്ചില്ല

ഫയൽ നമ്പർ ബി3-3189/15, ബി3-7864/16 എന്നിവ പരിശോധിച്ചതു പ്രകാരമുള്ള വിവരങ്ങൾ താഴെച്ചേർക്കുന്നു. മുരിയാട് വില്ലേജ് 251/11(A)സർവ്വേ നമ്പറിലുള്ള 1 ഏക്കർ 37 സെന്റ് കന്നുകാലി മേച്ചിൽ സ്ഥലം നൂറോളം വർഷങ്ങൾക്ക് മുമ്പ് പൊട്ടക്കൽ തൊമ്മൻ എന്നയാൾക്ക് ലീസിന് നൽകിയിരുന്നതും 2008 വരെ പാട്ടത്തുക മുകുന്ദപുരം താലൂക്കിൽ അവകാശികൾ അടവാക്കി വരുന്നതുമാണ്. 7-6-2008 തിയതിയിലെ B3-12580/08 നമ്പർ ഉത്തരവ് പ്രകാരം പാട്ടക്കരാർ തഹസിൽദാർ റദ്ദ് ചെയ്തു. പ്രസ്തുത നടപടിക്കെതിരെ അനന്തരാവകാശികളായ പൊട്ടക്കൽ വറീത് ജോസ്, പൊട്ടക്കൽ തോമസ് ഭാര്യ മേരി എന്നിവർ തങ്ങളുടെ കൈവശമുള്ള ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനായി ബഹു.ഹൈക്കോടതിയിൽ WP(C) 28743/2014, WP(C)15566/15 എന്നീ നമ്പറുകളിൽ കേസ് ഫയൽ ചെയ്തു. 1964ലെ കേരള ഭൂമി പതിവ് നിയമം പ്രകാരം വീട് വച്ച് താമസിക്കുന്നതിന് പരമാവധി പതിച്ച് നൽകാവുന്ന ഭൂമിയുടെ വിസ്തീർണ്ണം 15 സെന്റ് ആയതിനാൽ മേൽസൂചിപ്പിച്ച വ്യക്തികളുടെ കൈവശമുള്ള പരിധിയിൽ കവിഞ്ഞ ഭൂമി പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം വിവിധ പദ്ധതികൾക്ക് വേണ്ടി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ബിൽ നമ്പർ, തിയ്യതി |
|---|---|---|---|---|
| 1 | 2/2019 | ഐ.കെ.എം പ്രവർത്തന ഫണ്ട് നൽകൽ | 95377 | ബിൽ നമ്പർ.50/07-18 തി.20/07/2018 |
| 2 | 16/2019 | സുശാന്തം വയോജനക്ഷേമം പദ്ധതിക്ക് തുക കൈമാറൽ | 50000 | ബിൽ നമ്പർ. 13/27-10-18 |
| 3 | 149/19 | കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 70214 | ബിൽ നമ്പർ. 57/15-10-19 |
| 4 | 229/19 | വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 201750 | ബിൽ നമ്പർ.25/18-19 തിയ്യതി.18.01.2019 |
| | | ആകെ | 4,17,341 | |

പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.08.2019 | നം.കെ.എസ്.എ.-ടി.എസ്.ആർ(എസ്1)-1120/19(41) തീയതി 26.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 350000 | 0 |
| | 2018-19 | 197120 | ലൈഫ് മിഷൻ പദ്ധതി -ഭൂരഹിതർക്ക് ഭവന നിർമ്മാണം-എസ്.സി.പി | 0 | 197120 |
| | 2018-19 | 1621757 | ലൈഫ് മിഷൻ പദ്ധതി -ഭൂരഹിതർക്ക് ഭവന നിർമ്മാണം-ജനറൽ | 1621757 | 0 |
| | 2018-19 | 201500 | ആശ്രയ ഭവനം വാസയോഗ്യമാക്കൽ | 0 | 201500 |
| | 2018-19 | 200000 | ആശ്രയ ഭവനം വാസയോഗ്യമാക്കൽ-എസ്.സി.പി | 0 | 200000 |
| | 2018-19 | 280000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് പാലിന് സബ്സിഡി | 280000 | 0 |
| | 2018-19 | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| | 2018-19 | 300000 | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ | 300000 | 0 |
| | 2018-19 | 216500 | യു.എം.എൽ.പി.സ്കൂളിന് ബയോഗ്യാസ് സ്ഥാപിക്കൽ | 44000 | 172500 |
| ആകെ | | 3566877 | | 2795757 | 776348 |
| OB | | | | | 50000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 997574 | ലൈഫ് മിഷൻ പദ്ധതി -ഭൂരഹിതർക്ക് ഭവന നിർമ്മാണം | 997574 | 0 |
| | 2018-19 | 200000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2018-19 | 350000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | 0 | 350000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1547574 | | 1197574 | 850000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുടിഞ്ഞിക്കുളം കുടിവെള്ള പദ്ധതി-വാർഡ് 4 | 18230252021801311169 07/03/2019 | 500000 | 0 | 500000 |
| “ | 4 സെന്റ് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 18230252021801281376 28/02/2019 | 450000 | 0 | 450000 |
| “ | മണിയൻ കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 18230252021801281385 28/02/2019 | 56000 | 0 | 56000 |
| “ | അങ്കണവാടി കുടിവെള്ള കണക്ഷൻ | 18230252021801281347 28/02/2019 | 50000 | 0 | 50000 |
| “ | “ | 18230252021801281372 28/02/2019 | 150000 | 0 | 150000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 18230252021801059727 15/01/2019 | 201750 | 0 | 201750 |
| “ | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ 1,2,3,5,9,13,15,16 | 18230252021800833284 22/11/2018 | 80381 | 0 | 80381 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | തളിയൻകുന്ന് കുടിവെള്ള പദ്ധതി | 18230252021800728626 29/10/2018 | 500000 | 0 | 500000 |
| “ | കുഞ്ഞിമാണിക്യൻമൂല മിനി കുടിവെള്ള പദ്ധതി | 18230252021800728630 29/10/2018 | 250000 | 0 | 250000 |
| “ | വേഴക്കാട്ടുകര കുടിവെള്ള പദ്ധതി | 18230252021900934254 13/12/2018 | 500000 | 500000 | 0 |
| “ | പൊതുമ്പിച്ചിറപ്പാടം കുടിവെള്ള പദ്ധതി | 18230252021900955399 18/12/2018 | 382697 67303 | 0 | 382697 67303 |
| “ | കുന്നത്തറ കുടിവെള്ള പദ്ധതി | 182302521900833067 22/11/2018 | 500000 | 0 | 500000 |
| “ | ശ്രീകൃഷ്ണ സ്കൂൾ എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | Ch.No 499574 07/03/2019 | 41600 | 0 | 41600 |
| “ | എസ്.എൻ.ബി.എസ് എയ്റോബിക് | Ch.No 499574 07/03/2019 | 41600 | 0 | 41600 |

| | | | | | |
|---|---|---|---|---|---|
| | കമ്പോസ്റ്റ് സ്ഥാപിക്കൽ | | | | |
| “ | എ.യു.പി.എസ് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | Ch.No 499574 07/03/2019 | 41600 | 0 | 41600 |
| “ | ജി.യു.പി.എസ് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | Ch.No 499574 07/03/2019 | 41600 | 0 | 41600 |
| | യു.എം.എൽ.പി.എസ് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | Ch.No 5679210 29/03/2019 | 44000 | 0 | 44000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്)68/2018/LSGD/18.5.2018 | 3979630 | 3979630 | 0 | 0 | 3979630 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല. | | | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2.2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2010-11 2014-15 | പാർട്ട് 2 ബി പാര 1. (2,3) | എ.ജി. | പാർട്ട് 2 ബി പാര 1. (2,3) | 1)മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് 2) ഇ.എം.എസ് ഭവന പദ്ധതി അനാവശ്യമായി പണം പിൻവലിച്ച് കൈവശം സൂക്ഷിച്ചത് | |
| | പാർട്ട് 7(1,2) | | പാർട്ട് 7(1,2) | 1)എം.എൻ.ലക്ഷം വീട് പദ്ധതി അക്കൗണ്ടിൽ അവശേഷിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കാത്തതു സംബന്ധിച്ച് 2)സ്വാഭിമാൻ പാർപ്പിട പദ്ധതി സംബന്ധിച്ച് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ലഭ്യമല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ലഭ്യമല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,66,80,838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,41,98,469 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 45,88,632 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1032131 | സജീവ്കുമാർ, സെക്രട്ടറി |
| 1-21 | 1206000 | ശാലിനി.എം., സെക്രട്ടറി ഇൻ ചാർജ് |
| 1-23 | 3,09,120 | സജീവ്കുമാർ കെ.ബി., സെക്രട്ടറി |
| 1-24 | 63,640 | രാധിക കെ.വി,കൃഷി ഓഫീസർ |
| 1-25 | 4,00,000 | രാധിക കെ.വി,കൃഷി ഓഫീസർ |
| 1-26 | 9,50,000 | ശാലിനി എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 2,10,400 | നീലൂഫർ.എം.ബാനു, അസിസ്റ്റന്റ് എൻജിനീയർ |
| 1-33 | 4,17,341 | സജീവ്കുമാർ.കെ.ബി., സെക്രട്ടറി |
| ആകെ | 45,88,632 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജീവ്കുമാർ കെ.ബി., സെക്രട്ടറി | സെക്രട്ടറി, വേളൂക്കര ഗ്രാമപഞ്ചായത്ത് | കളരിക്കൽ വീട്, ആളൂർ പി.ഒ., കല്ലേറ്റുംകര വഴി |
| രാധിക കെ.വി,കൃഷി ഓഫീസർ | കൃഷി ഭവൻ, മുരിയാട് | ആഴ്ചങ്ങാട്ടിൽ വീട്, മാടായിക്കോണം പി.ഒ. 680712 |
| ശാലിനി എം, അസിസ്റ്റന്റ് സെക്രട്ടറി | മുരിയാട് ഗ്രാമപഞ്ചായത്ത് | 'ശാലീനം', വാണിയംപറമ്പത്ത് വീട്, ഗാന്ധിഗ്രാം, ഇരിങ്ങാലക്കുട പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96<br>96-97<br>97-98<br>98-99<br>99-00 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| | |

| | |
|---|---|
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-445/19 തി.03.04.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| | | |

| | | |
|---|---|---|
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ